LIBRARY ARCHIVES Kerala Legislative Assembly

നെടുങ്ങോലം രാമറാവു ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണസജ്ജമാക്കാൻ നടപടി

23 (605) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു ആശുപത്രി താലൂക്ക് ആശുപത്രി പദവിയിലേക്ക് ഉയർത്തിയെങ്കിലും അതനുസരിച്ചുള്ള തസ്തികകൾ അനുവദിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണസജ്ജമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ നിർബന്ധറൂറൽ സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഒരു ഡോക്ടറുടെ സേവനം അധികമായി ടി ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയാക്കാൻ നടപടി

24 (606) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ ശുപാർശകളൊന്നും ലഭിച്ചിട്ടില്ല. ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടയം ജില്ലാ ആശുപത്രിയിലെ ചികിത്സാസൗകര്യം

25 (608) ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം, ജില്ലാ ആശുപത്രിയിൽ ക്യാൻസർ, എയ്ഡ്സ് എന്നീ രോഗികൾക്കുള്ള പരിശോധന, കൗൺസിലിംഗ് സൗകര്യം, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്റർ എന്നിവ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം നൽകുമോ ?